# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. **90**</u>  <u>02.12.2015 -ൽ മറുപടിക്ക്</u>

## <u>വിദ്യാലയ ആരോഗ്യം പദ്ധതി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. ഹൈബി ഈഡൻ :<br>,, വർക്കല കഹാർ :<br>,, പി. എ. മാധവൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വിദ്യാലയ ആരോഗ്യം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; | (എ) സംസ്ഥാനത്ത് വിദ്യാലയ ആരോഗ്യ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെയും, ആരോഗ്യ - വിദ്യാഭ്യാസ വകുപ്പുകളുടെയും സംയുക്ത സംരംഭമായി 2009 -ൽ 10% ത്തോളം സ്കൂളുകളിൽ ആരംഭിച്ച വിദ്യാലയ ആരോഗ്യ പദ്ധതി 2012-13 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ എല്ലാ സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിലേക്കും വ്യാപിപ്പിക്കുകയുണ്ടായി. പുതുതായി ഉൾപ്പെടുത്തിയ സ്കൂളുകളിൽ പദ്ധതി പൂർണ രൂപത്തിൽ പ്രവർത്തന സജ്ജമാക്കുതിലേക്കുള്ള പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. |
| (ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (ബി) വിദ്യാലയ ആരോഗ്യ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യ-ലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു.<br>1. കുട്ടികളിൽ സർവ്വസാധാരണയായി കാണുന്ന അസുഖങ്ങൾ കാലേക്കൂട്ടി കണ്ടുപിടിച്ച് ചികിത്സിപ്പിക്കുക.<br>2. കുട്ടികളിൽ കാണുന്ന മാനസിക പ്രശ്നങ്ങളിൽ സംയോജിതമായി ഇടപെടുക, അവരുടെ മാനസിക ആരോഗ്യം മെച്ചപ്പെടുത്തുക.<br>3. വിവിധങ്ങളായ ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ വഴി തങ്ങളുടെ ആരോഗ്യം കാത്ത് സൂക്ഷിച്ച് മെച്ചപ്പെട്ട ആരോഗ്യം കൈവരിക്കുന്നതിനും ഇതുവഴി ആരോഗ്യസംബന്ധിയായ കാര്യങ്ങളിൽ ബുദ്ധിപൂർവ്വമായ തീരുമാനങ്ങൾ എടുക്കാൻ പ്രാപ്തരാക്കുക. |

(.....2)

**പ്രവർത്തനരീതി**

* ജെ.പി.എച്ച്.എൻ. ലഘുവായ ആരോഗ്യ പ്രശ്നങ്ങൾ സ്കൂളിൽവെച്ച തന്നെ കൈകാര്യം ചെയ്യും. റഫർ ചെയ്യേണ്ടവ ആരോഗ്യകേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യും.
* വർഷത്തിലൊരിക്കൽ സ്പെഷ്യാലിറ്റി ക്യാമ്പുകൾ ബ്ലോക്ക് അടിസ്ഥാനത്തിൽ നടത്തുന്നു. മരുന്നുകൾ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും സൗജന്യമായി ലഭിക്കും.
* പ്രഥമ ശുശ്രൂഷ ഉൾപ്പെടെയുള്ള ചികിത്സാ സേവനങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തിയിട്ടുണ്ട്.
* ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വിദഗ്ദ്ധരുടെ സഹായത്തോടെ കൗൺസിലിംഗ് നടപ്പിലാക്കുക.
* യോഗ ഉൾപ്പെടെയുള്ള സമഗ്ര ആരോഗ്യ പരിപാലനത്തിന് ആവശ്യമായ വിവിധങ്ങളായ പരിശീലന പരിപാടികൾ നടപ്പിലാക്കുക.
* അമ്മമാർക്കും കൗമാരക്കാരായ കുട്ടികൾക്കും പോഷണമൂല്യത്തിന്റെ പ്രാധാന്യം മനസ്സിലാക്കിക്കുന്നതിന് വിവിധ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്.
* സാംക്രമിക, ജീവിതശൈലീ രോഗങ്ങളിൽ നിന്നും കുട്ടികളെ മുക്തരാക്കുന്നതിനായി വിദഗ്ദ്ധ പരിശോധനയും വിവിധങ്ങളായ ബോധവൽക്കരണ പരിപാടികളും വിദ്യാലയ അന്തരീക്ഷത്തിലെ അനാരോഗ്യ സാഹചര്യങ്ങളെ പൂർണ്ണമായും അകറ്റി നിർത്തുവാൻ നടപടികൾ സ്വീകരിക്കുന്നു.
* വർഷത്തിലൊരിക്കൽ സ്കൂളിലെ എല്ലാ കുട്ടികളുടെയും സ്ക്രീനിംഗ് നടത്തി, വിവരങ്ങൾ ആരോഗ്യ പ്രവർത്തകർ ഹെൽത്ത് റെക്കോർഡിൽ രേഖപ്പെടുത്തും.
* വിദ്യാഭ്യാസ ക്ലാസ്സുകൾ, എക്സിബിഷൻ, ഫിലിം ഷോ, പോസ്റ്റർ പ്രദർശനം, നാടകം, മറ്റു കലാരൂപങ്ങൾ മുഖേനയുള്ള അവബോധം.
* പ്രതിരോധ കുത്തിവയ്പ് ആരോഗ്യകേന്ദ്രങ്ങൾ മുഖേന നടത്തുന്നു.

2014-15 കാലയളവിൽ സ്കൂൾ ആരോഗ്യ പദ്ധതി രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രമം എന്ന പദ്ധതിയായി രൂപാന്തരപ്പെടുത്തിയിട്ടുണ്ട്.

(....3)

| | |
|---|---|
| (സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) പദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി എടുത്തിരിക്കുന്ന നടപടികൾ താഴെ രേഖപ്പെടുത്തിയിരിക്കുന്നു. |

* പദ്ധതി ഘട്ടം ഘട്ടമായി സംസ്ഥാനത്തുടനീളം വ്യാപിപ്പിച്ച സ്കൂൾ ആരോഗ്യ പദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി പ്രത്യേകം നിയോഗിക്കപ്പെട്ട സ്കൂൾ ഹെൽത്ത് നഴ്സുമാരെ ആവശ്യാനുസൃതം നിയമിച്ചു. നിലവിൽ സംസ്ഥാനത്തൊട്ടാകെ 1100 സ്കൂൾ ഹെൽത്ത് നഴ്സുമാരെ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

* നിയമിതരായ എല്ലാ സ്കൂൾ ഹെൽത്ത് നഴ്സുമാർക്കും 5 ദിവസം നീണ്ടുനിൽക്കുന്ന ഇൻഡക്ഷൻ പരിശീലനത്തിന് പുറമേ തുടർ പരിശീലനങ്ങളും നൽകിവരുന്നു.

* കൂടാതെ ആരോഗ്യവകുപ്പിലെ ജെ.പി. എച്ച്.എൻ, മെഡിക്കൽ ഓഫീസർമാർ, ജെ.എച്ച്.ഐ, അദ്ധ്യാപകർ, പ്രധാനാദ്ധ്യാപകർ എന്നിവർക്ക് സ്കൂൾ ഹെൽത്ത് പ്രോഗ്രാമിനെ സംബന്ധിച്ച ട്രെയിനിംഗ് നൽകിയിട്ടുണ്ട്.

* പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഹെൽത്ത് റെക്കോർഡുകൾ, ഹെൽത്ത് രജിസ്റ്ററുകൾ, ആരോഗ്യ വിദ്യാഭ്യാസ പോസ്റ്ററുകൾ, വൈദ്യ പരിശോധനയ്ക്കായി പരിശോധനാ കിറ്റുകൾ മുതലായവ ലഭ്യമാക്കിയിട്ടുണ്ട്. ഇപ്രകാരം 7344 എക്യുപ്പ്മെന്റ് കിറ്റുകൾ സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്.

P. Angy

സെക്ഷൻ ഓഫീസർ